(ബി) 1980-ലെ വനസംരക്ഷണ നിയമവും വർക്കിംഗ് പ്ലാൻ അനുമതിക്ക് നൽകിയ നിബന്ധനകളും ലംഘിച്ചുകൊണ്ടാണ് ഈ മരം മുറിച്ചുമാറ്റൽ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണവം ഫോറസ്റ്റിലെ മരം മുറിക്കലുമായി ബന്ധപ്പെട്ട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) അംഗീകൃത വർക്കിംഗ് പ്ലാൻ അനുസരിച്ച് കണ്ണവം റെയിഞ്ചിൽ നിന്നും ഉദ്ദേശം 7,37,50,000 രൂപയുടെ മരം മുറിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) 'സൊസൈറ്റി ഫോർ എൻവയോൺമെന്റൽ എഡ്യൂക്കേഷൻ ഇൻ കേരള' എന്ന സംഘടന സമർപ്പിച്ച പരാതിയിൻമേൽ (പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ നിർദ്ദേശപ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ റീജിയൺ) 11-2-2004-ൽ നടത്തിയ അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. † ശ്രീ. പി. ജയരാജൻ, ശ്രീ. കെ. പി. മോഹനൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ എം. എൽ. എ.-മാരിൽ നിന്ന് സർക്കാരിൽ ലഭിച്ച പരാതിയിൻമേൽ മുഖ്യ വനപാലകന്റെ അഭിപ്രായത്തോടെയുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അവർക്ക് പ്രത്യേകം മറുപടി നൽകുന്നതാണ്.

വിജിലൻസ് കേസുകൾ

132 [442] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ ഓഫീസർ തസ്തികയിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിവിൽ വന്ന ശേഷം അഴിമതിയുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അഴിമതി സംബന്ധിച്ച കേസുകളിൽ ഏതിലെങ്കിലും ഏതെങ്കിലും ഉദ്യോഗസ്ഥരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിരിച്ചു വിട്ടിട്ടുണ്ടോ; എങ്കിൽ പേരു വിവരം നൽകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 43 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണവും 24 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകളുടെ അന്വേഷണവും നടക്കുന്നുണ്ട്.

(ബി) 67 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ആരേയും പിരിച്ചുവിട്ടിട്ടില്ല.

വനം കയ്യേറ്റങ്ങൾ

133 [444] ശ്രീ. എൻ. ശക്തൻ:

,, തമ്പാനൂർ രവി:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, ഇ. എം. അഗസ്തി:

ശ്രീമതി മാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റവന്യൂ രേഖകൾ അനുകൂലമാണെന്നവകാശപ്പെട്ടുകൊണ്ട് എവിടെയെല്ലാം വനം കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊന്തൻപുഴ, കല്ലേലി എന്നിവിടങ്ങളിൽ ഇത്തരം കയ്യേറ്റ ശ്രമമുണ്ടായിട്ടുണ്ടോ;

(സി) ഈ കയ്യേറ്റങ്ങൾക്കാധാരമായ റവന്യൂ രേഖകൾ വ്യാജമാണോ;

(ഡി) എങ്കിൽ ഇതിന്റെ നിജസ്ഥിതിയെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

ഡബ്ളിയു.ജി.ഡി.പി. പദ്ധതിയിൽ ചെലവഴിച്ച തുക

134 [445] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.ഡി.സി. പമ്പ, ഗവി. ഡിവിഷനുകൾക്ക് 2002 മുതൽ 2004 വരെയുള്ള മൂന്ന് വർഷങ്ങളിൽ ഡബ്ളിയു.ജി.ഡി.പി. അനുസരിച്ച് എത്ര ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്; ഡിവിഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) 2004-2005 വർഷത്തേക്ക് ഡബ്ളിയു.ജി.ഡി.പി.-യിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപ വീതമാണെന്നും ഏതു തരത്തിലുള്ള വികസന പ്രവർത്തനത്തിനാണ് തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly